


# മുതിർന്ന പൗരന്മാരോടുള്ള അതിക്രമങ്ങൾക്കെതിരെയുള്ള ബോധവൽക്കരണ ദിനം

**2021 ജൂൺ 15**

**“ ചേർത്തു നിർത്താം വയോജനങ്ങളെ
ഉറപ്പാക്കാം നീതി........... ”**





## എന്താണ് മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടേയും സംരക്ഷണവും ക്ഷേമവും സംബന്ധിച്ച നിയമം?

- മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടേയും ക്ഷേമത്തിനും സംരക്ഷണത്തിനും ഇന്ത്യൻ ഭരണഘടന ഉറപ്പ് നൽകിയിട്ടുള്ളതും അംഗീകരിച്ചിട്ടുള്ളതുമായ കാര്യങ്ങൾ നടപ്പിൽ വരുത്തുന്നതിന് വേണ്ടിയാണ് 2007-ൽ ഈ നിയമം നിലവിൽ വന്നത്.
- തന്റെ സ്വന്തം സമ്പാദ്യം കൊണ്ടോ ഉടമസ്ഥതയിലുള്ള സ്വത്തുകൊണ്ടോ സ്വയം സംരക്ഷിക്കാൻ കഴിയാതെ വരുന്ന മാതാപിതാക്കൾക്കും മുതിർന്ന പൗരന്മാർക്കും ഈ നിയമത്തിന്റെ ഗുണം ലഭ്യമാകും.



## ആർക്കെല്ലാമാണ് ഈ നിയമത്തിന്റെ പ്രയോജനം ലഭിക്കുക ?



- മാതാപിതാക്കൾക്കും മുതിർന്ന പൗരൻമാർക്കും ഈ നിയമപ്രകാരം മക്കളിൽ നിന്നോ ബന്ധുക്കളിൽ നിന്നോ പേരക്കുട്ടികളിൽ നിന്നോ  ജീവനാംശത്തിനും ഭക്ഷണത്തിനും സംരക്ഷണത്തിനുമായുള്ള മറ്റ് സൗകര്യങ്ങളും അവകാശപ്പെടാം.
- യഥാർത്ഥ മാതാപിതാക്കൾ, ദത്തെടുക്കലിലൂടെയുള്ള മാതാപിതാക്കൾ, രണ്ടാനച്ഛൻ, രണ്ടാനമ്മ എന്നിവർക്ക് ഈ നിയമത്തിന്റെ പ്രയോജനം ലഭിക്കും.

## എങ്ങനെ പ്രയോജനം ലഭിക്കും ?

- സ്വയം വരുമാനം കണ്ടെത്താനാകാത്ത മാതാപിതാക്കൾക്കും മുതിർന്ന പൗരന്മാർക്കും ഈ നിയമ പ്രകാരം അപേക്ഷ നൽകാം.



- ഇതിനായി പ്രത്യേകം സ്ഥാപിച്ച മെയിന്റനൻസ് ട്രിബ്യൂണലിലാണ് അപേക്ഷ നൽകേണ്ടത്.
- പ്രായപൂർത്തിയായ മക്കളും പേരക്കുട്ടികളും ഈ നിയമത്തിന്റെ പരിധിയിൽ വരും. മക്കൾ ഇല്ലാത്ത മുതിർന്നവർ തങ്ങളുടെ കാലശേഷം അവരുടെ വസ്തുവകകൾ പിന്തുടർച്ചാവകാശ പ്രകാരം കൈവശം ലഭിക്കുന്നവരിൽ നിന്നോ ജീവിതകാലം തങ്ങളുടെ വസ്തു കൈവശം വച്ച് ഉപയോഗിക്കുന്നവരിൽ നിന്നോ ജീവനാംശവും ക്ഷേമവും ആവശ്യപ്പെടാം.
- പരമാവധി 10,000/- രൂപ വരെ പ്രതിമാസം ജീവനാംശമായി ലഭിക്കാം.

## എവിടെ അപേക്ഷ നൽകണം ?



- അപേക്ഷകൻ താമസിക്കുന്നതോ അവസാനം താമസിച്ചതോ ആയ ജില്ലയിലെ മെയിന്റനൻസ് ട്രിബ്യൂണലിൽ (റവന്യൂ ഡിവിഷണൽ ഓഫീസിൽ) ജീവനാംശത്തിനായി അപേക്ഷ നൽകാം.
- അല്ലെങ്കിൽ എതിർകക്ഷി താമസിക്കുന്ന ജില്ലയിലെ ട്രിബ്യൂണലിൽ അപേക്ഷ നൽകാം.

## സംരക്ഷണത്തിനുള്ള അപേക്ഷ




- സ്വന്തമായി അപേക്ഷ നൽകാൻ സാധിക്കാത്തവർക്ക് മറ്റേതെങ്കിലും വ്യക്തികൾ മുഖാന്തിരമോ രജിസ്റ്റർ ചെയ്ത സംഘടനകൾ വഴിയോ അപേക്ഷ നൽകാം.
- ട്രിബ്യൂണലിന് സ്വമേധയ കേസെടുക്കാം.
- ട്രിബ്യൂണലിന്റെ ഉത്തരവ് പ്രകാരം ജീവനാംശം നൽകാത്തവർക്കെതിരെ വാറന്റ് പുറപ്പെടുവിച്ച് ഒരു മാസം വരെയോ പണം അടയ്ക്കുന്നത് വരെയോ ജയിൽശിക്ഷ വിധിക്കാം.

**വസ്തു ഇടപാടുകളും അസാധുവാക്കാം**

- മുതിർന്ന പൗരന്മാർക്കും മാതാപിതാക്കൾക്കും ജീവനാംശവും ക്ഷേമവും നൽകാനുള്ള നിയമത്തിലെ വകുപ്പ് 23 പ്രകാരം 24/09/2008-ന് ശേഷം തങ്ങൾ നടത്തിയിട്ടുള്ള വസ്തു സംബന്ധമായ ക്രയവിക്രയങ്ങൾ മുതിർന്നവരുടെ അപേക്ഷ പ്രകാരം ആവശ്യമെങ്കിൽ ട്രിബ്യൂണലിന് റദ്ദാക്കാവുന്നതാണ്.

**കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക**

| ക്രമ നം. | റവന്യൂ ഡിവിഷണൽ ഓഫീസർ (RDO) | ഫോൺ നമ്പർ | ഇ-മെയിൽ |
|---|---|---|---|
| 1. | റവന്യൂ ഡിവിഷണൽ ഓഫീസർ, തിരുവനന്തപുരം | 0471-2731600 | rdotvm@gmail.com |
| 2. | റവന്യൂ ഡിവിഷണൽ ഓഫീസർ, നെടുമങ്ങാട് | 0471-2800700 | rdonedumangadu@gmail.com |
| 3. | റവന്യൂ ഡിവിഷണൽ ഓഫീസർ, കൊല്ലം | 0474-2793461 | rdokollam@gmail.com |
| 4. | റവന്യൂ ഡിവിഷണൽ ഓഫീസർ, പുനലൂർ | 0475-2228880 | rdopunalur@gmail.com |
| 5. | റവന്യൂ ഡിവിഷണൽ ഓഫീസർ, തിരുവല്ല | 0469-2601202 | rdo.tvla@gmail.com |
| 6. | റവന്യൂ ഡിവിഷണൽ ഓഫീസർ, അടൂർ | 04734-224827 | rdoadoor@gmail.com |
| 7. | റവന്യൂ ഡിവിഷണൽ ഓഫീസർ, ആലപ്പുഴ | 0477-2263441 | rdoalappuzha@yahoo.com |
| 8. | റവന്യൂ ഡിവിഷണൽ ഓഫീസർ, ചെങ്ങന്നൂർ | 0479-2452225 | rdochengannur@gmail.com |
| 9. | റവന്യൂ ഡിവിഷണൽ ഓഫീസർ, പാലാ | 0482-2212212 | sdmpala@gmail.com |
| 10. | റവന്യൂ ഡിവിഷണൽ ഓഫീസർ, കോട്ടയം | 0481-2562315 | rdoktm.ker@nic.in |
| 11. | റവന്യൂ ഡിവിഷണൽ ഓഫീസർ, ദേവികുളം | 04865-264222 | rdodevikulam@gmail.com |

| ക്രമ നം. | റവന്യൂ ഡിവിഷണൽ ഓഫീസർ (RDO) | ഫോൺ നമ്പർ | ഇ-മെയിൽ |
|---|---|---|---|
| 12. | റവന്യൂ ഡിവിഷണൽ ഓഫീസർ, ഇടുക്കി | 04862-232231 | rdo.idukki@kerala.gov.in |
| 13. | റവന്യൂ ഡിവിഷണൽ ഓഫീസർ, ഫോർട്ട് കൊച്ചി | 0484-2215340 | rdochn@gmail.com |
| 14. | റവന്യൂ ഡിവിഷണൽ ഓഫീസർ, മൂവാറ്റുപുഴ | 0485-2811400 | rdomvpa@gmail.com |
| 15. | റവന്യൂ ഡിവിഷണൽ ഓഫീസർ, തൃശ്ശൂർ | 0487-2360100 | thrissur.rdo@gmail.com |
| 16. | റവന്യൂ ഡിവിഷണൽ ഓഫീസർ, ഇരിഞ്ഞാലക്കുട | 0480-2820888 | rdoijk.rev@kerala.gov.in |
| 17. | റവന്യൂ ഡിവിഷണൽ ഓഫീസർ, പാലക്കാട് | 0491-2535585 | rdopkd@gmail.com |
| 18. | റവന്യൂ ഡിവിഷണൽ ഓഫീസർ, ഒറ്റപ്പാലം | 0466-2244323 | suc_otp.rev@kerala.gov.in |
| 19. | റവന്യൂ ഡിവിഷണൽ ഓഫീസർ, പെരിന്തൽമണ്ണ | 04933-227214 | ptmrdo@yahoo.co.in |
| 20. | റവന്യൂ ഡിവിഷണൽ ഓഫീസർ, തിരൂർ | 0494-2421200 | rdotirur@gmail.com |
| 21. | റവന്യൂ ഡിവിഷണൽ ഓഫീസർ, കോഴിക്കോട് | 0495-2375458 | rdo.kkd@gmail.com |
| 22. | റവന്യൂ ഡിവിഷണൽ ഓഫീസർ, വടകര | 0496-2514300 | rdovatakara@gmail.com |
| 23. | റവന്യൂ ഡിവിഷണൽ ഓഫീസർ, മാനന്തവാടി | 04935-240222 | subcollectormndy@gmail.com |
| 24. | റവന്യൂ ഡിവിഷണൽ ഓഫീസർ, തലശ്ശേരി | 0490-2343500 | rdothalassery@gmail.com |
| 25. | റവന്യൂ ഡിവിഷണൽ ഓഫീസർ, തളിപ്പറമ്പ് | 0460-2300332 | rdo-tlpb.rev@kerala.gov.in |
| 26. | റവന്യൂ ഡിവിഷണൽ ഓഫീസർ, കാസർഗോഡ് | 0499-4220081 | rdo1kasaragod@gmail.com |
| 27. | റവന്യൂ ഡിവിഷണൽ ഓഫീസർ, കാഞ്ഞങ്ങാട് | 0467-2204298 | rdokas.ker@nic.in |